ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണ മേഖലയുടെ പിന്തുണ

69 (7905) ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരിൽനിന്ന് സാധാരണക്കാർക്ക് സംരക്ഷണം നൽകുന്ന ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണമേഖലയുടെ എന്തെല്ലാം പിന്തുണയാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സഹകരണ ബാങ്കുകളുടെ പ്രവർത്തനസമയത്തിൽ ഇതിനായി എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ ബാങ്കുകളാണ് ഇതിൽ പങ്കാളികളാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കർഷക തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി പരമാവധി 10,000 രൂപവരെ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്ഥിര വരുമാനമോ ഈടു നൽകാൻ ആസ്തിയില്ലാത്തവരോ ആയവരും സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ എന്നിവരെ കടക്കെണിയിൽപ്പെടാതെ സഹായിക്കുന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്.

(ബി) മേൽപ്രകാരം ദുർബല വിഭാഗങ്ങൾക്കും തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കും വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവും 10,000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിൽ പ്രസിഡന്റിനും അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5,000 രൂപ വരെയുള്ള വായ്പകൾ

LIBRARY ARCHIVES Kerala Legislative Assembly

പരമാവധി രണ്ട് ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി അഞ്ച് ദിവസത്തിനകവും അനുവദിക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ "സൺഡേ ബാങ്കിംഗ്" പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പുനരുദ്ധാരണം

70 (7906) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ഇവിടെ നിന്ന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly